ഉത്തരം

(എ) കൺസൾട്ടൻസി ഏജൻസിയായ ഇക്കോസ്മാർട്ട് ഇന്ത്യാ ലിമിറ്റഡ് ശബരിമല വികസനത്തിനുള്ള മാസ്റ്റർ പ്ലാനിന്റെ ഔട്ട്ലൈൻ തയ്യാറാക്കിയിട്ടുണ്ട്.

(ബി) നിലയ്ക്കലിൽ മാസ്റ്റർ പ്ലാൻ ഔട്ട്ലൈൻ പ്രകാരമുള്ള അടിയന്തര നടപടികൾക്ക് വനഭൂമി സംബന്ധിച്ച് അന്തിമ ഉത്തരവ് ഇപ്പോൾ ലഭിച്ചതേയുള്ളൂ. പമ്പ, സന്നിധാനം മേഖലയിലെ അന്തിമ അനുമതി ഏതാനും ദിവസങ്ങൾക്കുള്ളിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സീസണു മുമ്പു തന്നെ അടിയന്തിര പ്രവൃത്തികൾ പൂർത്തിയാക്കാൻ ദേവസ്വം ബോർഡ് നടപടി ആരംഭിച്ചിട്ടുണ്ട്. പ്രതികൂലമായ കാലാവസ്ഥ കാരണം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) ലഭിച്ചിട്ടുള്ള പ്രാഥമികാനുമതിയുടെ അടിസ്ഥാനത്തിൽ നിലയ്ക്കലിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക, കുടിവെള്ളം എത്തിക്കുക, പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം ഒരുക്കുക, എന്നിവയും പമ്പ, സന്നിധാനം പ്രദേശത്ത് ടോയ്ലറ്റ്, കുടിവെള്ള സൗകര്യങ്ങൾ, കാർഡിയോളജി സെന്റർ എന്നിവയും ഈ സീസണു മുമ്പായി പൂർത്തിയാക്കുമെന്നാണ് ദേവസ്വം ബോർഡ് ഉറപ്പു നൽകിയിട്ടുള്ളത്.

(ഡി) ശബരിമലയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. എന്നാൽ ആയതിലേക്കുള്ള സ്ഥലം പെരിയാർ ടൈഗർ റിസർവ്വ് ഏരിയായിൽ ഉൾപ്പെട്ടതാകയാൽ സുപ്രീം കോടതിയിൽ നിന്നുകൂടി അനുമതി ലഭിച്ച ശേഷം മാത്രമേ സ്ഥലം പൂർണ്ണമായും വിട്ടുകിട്ടുകയുള്ളൂ. ആയതിനാൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

കണ്ണൂർ ജില്ലയിലെ ക്ഷേത്രങ്ങൾക്ക് ധനസഹായം

87 [398] *ശ്രീ. കെ. പി. മോഹനൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ കീഴിൽ കണ്ണൂർ ജില്ലയിൽ എത്ര ക്ഷേത്രങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ എച്ച്. ആർ. ആന്റ് സി. ഇ. യുടെ കീഴിലുള്ള എത്ര ക്ഷേത്രങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് പേര് സഹിതം വിശദീകരിക്കാമോ;

(സി) എച്ച്. ആർ. ആന്റ് സി. ഇ. യുടെ കീഴിൽ അല്ലാതെ ഏതെല്ലാം ക്ഷേത്രങ്ങൾക്ക് കണ്ണൂർ ജില്ലയിൽ ധനസഹായം നൽകിയിട്ടുണ്ടെന്ന് പേർ സഹിതം വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 285 ക്ഷേത്രങ്ങളുണ്ട്.

(ബി) 30 ക്ഷേത്രങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ക്ഷേത്രങ്ങളുടെ പേരുകൾ താഴെ കൊടുക്കുന്നു.

കണ്ണൂർ താലൂക്ക്

1. ശ്രീ കടക്കര ധർമ്മശാസ്താ ക്ഷേത്രം, ചേലോറ
2. ,, താവം വേട്ടക്കൊരുമകൻ ക്ഷേത്രം
3. ,, കാപ്പാട്ട് കാവ് ക്ഷേത്രം, കാപ്പാട്ട്
4. ,, എച്ചൂർകോട്ടം ശിവക്ഷേത്രം, എച്ചൂർ
5. ,, ചുണ്ടയിൽ വേട്ടക്കൊരുമകൻ ക്ഷേത്രം
6. ,, മുഴുപ്പിലങ്ങാട് ഭഗവതി ക്ഷേത്രം
7. ,, മണക്കുളങ്ങര ഭഗവതി ക്ഷേത്രം, കല്യാശ്ശേരി
8. ,, വിഷ്ണുപുരം ക്ഷേത്രം, കൈതപ്രം
9. ,, എരഞ്ഞിക്കൽ ഭഗവതി ക്ഷേത്രം, എടക്കാട്

തലശ്ശേരി താലൂക്ക്

10. ശ്രീ കാഞ്ഞിലശ്ശേരി മഹാവിഷ്ണു ക്ഷേത്രം
11. ,, ചെറുവാഞ്ചേരി വേട്ടക്കൊരുമകൻ ക്ഷേത്രം
12. ,, കതിരൂർ സൂര്യനാരായണ ക്ഷേത്രം
13. ,, ശങ്കരനല്ലൂർ വല്ലനാടത്ത് ക്ഷേത്രം
14. ,, തിരുവമ്പാടി ശ്രീകൃഷ്ണക്ഷേത്രം, മമ്പറം
15. ,, പേരാവൂർ ശ്രീകൃഷ്ണക്ഷേത്രം, മണത്തണ

തളിപ്പറമ്പ് താലൂക്ക്

16. ശ്രീ പെരിങ്ങോം വേട്ടക്കൊരുമകൻ ക്ഷേത്രം
17. ,, വെള്ളോറ ചുഴലി ഭഗവതി ക്ഷേത്രം
18. ,, കണ്ടോത്തിടം സോമേശ്വരി ക്ഷേത്രം
19. ,, വയക്കോട് ധർമ്മശാസ്താക്ഷേത്രം
20. ,, കൊയ്യം വിഷ്ണുക്ഷേത്രം
21. ,, വയത്തൂർ കാളിയാർക്ഷേത്രം
22. ,, ചാമക്കാവ് ഭഗവതിക്ഷേത്രം
23. ,, കാങ്കോൽ ശിവക്ഷേത്രം

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ കോറോം പെരുന്താന്നിയൂർ ക്ഷേത്രം
25. „ നടുവിൽ വെള്ളാട്ട് ക്ഷേത്രം
26. „ തൃക്കടമ്പ് മഹാവിഷ്ണു മഹാദേവ ക്ഷേത്രം
27. „ കരിവള്ളൂർ മഹാശിവക്ഷേത്രം
28. „ സുബ്രമണ്യസ്വാമിക്ഷേത്രം, പരിയാരം
29. „ സുബ്രമണ്യസ്വാമിക്ഷേത്രം, പയ്യന്നൂർ
30. „ പയ്യാവൂർ ശിവക്ഷേത്രം

(സി) എച്ച്. ആർ. ആന്റ് സി. ഇ. യുടെ കീഴിൽ അല്ലാതെ കണ്ണൂർ ജില്ലയിൽ താഴെപ്പറയുന്ന 22 ക്ഷേത്രങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

1. ശ്രീ പെരുങ്കള്ളിയാളി കുറുംബ ഭഗവതി ക്ഷേത്രം, കാപ്പാട്
2. „ വേട്ടക്കൊരുമകൻ ക്ഷേത്രം, തിലനൂർ, കാപ്പാട്
3. „ പുങ്കാവ് ക്ഷേത്രം, കടമ്പൂർ, കാപ്പാട്
4. „ ചെറുവിച്ചേരി വേട്ടക്കൊരുമകൻ ക്ഷേത്രം, മാതമംഗലം
5. „ ധർമ്മശാസ്താ ഭഗവതി ക്ഷേത്രം, പുള്ളിയോട്, കതിരൂർ
6. „ അതിയേടം ശ്രീ. അയ്യപ്പൻകാവ് ക്ഷേത്രം പഴയങ്ങാടി
7. „ പാണപ്പുഴ ഉറവങ്കര ഭഗവതിക്ഷേത്രം
8. „ തൃക്കുറ്റിയേരി കൈലാസനാഥ ക്ഷേത്രം, കൈതപ്രം
9. „ ചെറുവാഞ്ചേരി ചുഴലി ദേവിക്ഷേത്രം, കടന്നപ്പള്ളി
10. „ കുറ്റൂർ മേനോൻകുന്ന് സുബ്രമണ്യം കോവിൽ, മാതമംഗലം
11. „ നരിക്കോട് തൃക്കൂർ ക്ഷേത്രം, കണ്ണൂർ
12. „ ഒറവങ്കര നാരായണസ്വാമി ക്ഷേത്രം, കാനായി
13. „ പൊയിലൂർ മഹാവിഷ്ണുക്ഷേത്രം
14. „ വാരം ശാസ്താംകോട്ട ശിവക്ഷേത്രം
15. „ കൊയ്യോട് മുത്തപ്പൻ ക്ഷേത്രം, ചെമ്പിലോട്
16. „ കക്കംവെള്ളി ശ്രീകൃഷ്ണക്ഷേത്രം, പുറമേരി
17. „ നുഞ്ഞിക്കര മുറ്റം ഉദയൻകുന്ന് മുത്തപ്പൻ ക്ഷേത്രം, മട്ടന്നൂർ
18. „ കടന്നപ്പള്ളി മുച്ചിലോട്ട് ഭഗവതിക്ഷേത്രം
19. „ ആയിക്കര ദണ്ഡമാരിയമ്മൻക്ഷേത്രം
20. „ കൊട്ടില മുച്ചിലോട്ട് ഭഗവതിക്ഷേത്രം
21. „ മണിയറ പുമാലക്കാവ് ഭഗവതിക്ഷേത്രം
22. „ നീലിയാർകോട്ടം കുനിയൻകോട് ക്ഷേത്രം, കൈതപ്രം

LIBRARY ARCHIVES Kerala Legislative Assembly